# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:12.08.2025**

### പ്രധാനവാർത്തകൾ

1. ദേശീയ കായിക ഭരണ ബില്ലിനും, ഉത്തേജകവിരുദ്ധ ബില്ലിനും പാർലമെൻറിൻറെ അംഗീകാരം. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ഇരുസഭകളിലും ഇന്നും നടപടികൾ തടസ്സപ്പെട്ടു.
2. അന്താരാഷ്ട്ര തലത്തിലെ ശാസ്ത്ര പദ്ധതികളിൽ അഭിമാനകരമായ സംഭാവനകളാണ് ഇന്ത്യ നൽകി വരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
3. സംസ്ഥാനത്ത് സോഷ്യൽ പോലീസിംഗ് സംവിധാനം കൂടുതൽ ശക്തമായി തുടരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
4. സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ വാർഡ് പുനർനിർണയപ്രക്രിയ പൂർത്തിയായി.
5. സ്കൂളുകളിലെ ആഘോഷ ദിനങ്ങളിൽ കുഞ്ഞുങ്ങൾക്ക് യൂണിഫോം നിർബന്ധമാക്കില്ലെന്ന് മന്ത്രി വി ശിവൻകുട്ടി.
6. ഹർഘർ തിരംഗ കാമ്പയിന് സംസ്ഥാനത്ത് മികച്ച പ്രതികരണം.

&&&&&&&&&&&&&&&&&&

RNUTVPM

## പാർലമെന്റ്

ദേശീയ കായിക ഭരണ ബില്ലിനും, ഉത്തേജകവിരുദ്ധ ബില്ലിനും പാർലമെൻറിൻറെ അംഗീകാരം. ലോക്സഭ ഇന്നലെ പാസ്സാക്കിയ ബില്ലുകൾ രാജ്യസഭയും ഇന്ന് അംഗീകരിക്കുകയായിരുന്നു. പുതിയ ആദായ നികുതി ബിൽ, ടാക്സേഷൻ ഭേദഗതി ബിൽ എന്നിവയ്ക്കും രാജ്യസഭ അംഗീകാരം നൽകി. ഇന്ത്യൻ തുറമുഖ ബിൽ 2025 ലോക്സഭ പാസാക്കി. തുറമുഖങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ ഏകീകരിക്കുക, സംയോജിത തുറമുഖ വികസനം പ്രോത്സാഹിപ്പിക്കുക, എന്നിവയാണ് ബിൽ വിഭാവനം ചെയ്യുന്നത്. ലോക്സഭയിലും രാജ്യസഭയിലും രാവിലെ സമ്മേളനം ആരംഭിച്ചപ്പോൾ തന്നെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളം നടപടികൾ തടസ്സപ്പെടുത്തി. ഇരുസഭകളും നിരവധി തവണ നിർത്തിവെച്ചു. പിന്നീട് നടപടികൾ പൂർത്തിയാക്കി ഇരുസഭകളും തിങ്കളാഴ്ചത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&&

## ജസ്റ്റിസ് യശ്വന്ത് വർമ്മ - പാർലമെന്റ്

കണക്കിൽപ്പെടാത്ത പണം വസതിയിൽ നിന്നും കണ്ടെത്തിയ സംഭവത്തിൽ, ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ്മയെ ഇംപീച്ച് ചെയ്യാനുള്ള നടപടികൾക്ക് തുടക്കം കുറിച്ച് ലോക്സഭ. ഇത് സംബന്ധിച്ച അന്വേഷണത്തിനായി സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് അരവിന്ദ് കുമാർ ഉൾപ്പെടുന്ന മൂന്നംഗ സമിതി രൂപീകരിച്ചതായി സ്പീക്കർ ഓം ബിർള അറിയിച്ചു. സമിതി എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കുമെന്നും, ജസ്റ്റിസ് യശ്വന്ത് വർമ്മയെ നീക്കണമെന്ന് ആവശ്യപ്പെട്ട് 146 ഭരണ - പ്രതിപക്ഷ എം പിമാർ ഒപ്പുവെച്ച നോട്ടീസ് അംഗീകരിച്ചുകൊണ്ട് സ്പീക്കർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി

അന്താരാഷ്ട്ര തലത്തിലെ ശാസ്ത്ര പദ്ധതികളിൽ അഭിമാനകരമായ സംഭാവനകളാണ് ഇന്ത്യ നൽകി വരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. യുവമനസ്സുകളിൽ ശാസ്ത്ര അഭിരുചി

RNU TVPM

പ്രോത്സാഹിപ്പിക്കുന്നതിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി. 18-മത് അസ്ട്രോണമി, അസ്ട്രോ ഫിസിക്സ് ഒളിമ്പ്യാഡിനെ വിർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആക്സിയം ദൗത്യത്തിൽ ഇന്ത്യയുടെ ശുഭാൻശു ശുക്ല നൽകിയ നിർണായക സംഭാവനകൾ രാജ്യത്തെ യുവജനങ്ങൾക്ക് പ്രചോദനം പകരുന്നതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## കേന്ദ്രമന്ത്രിസഭ

ഒഡീഷയിലും പഞ്ചാബിലും ആന്ധ്രാപ്രദേശിലും 4,594 കോടി രൂപാ മുതൽമുടക്കിൽ അർദ്ധചാലക പദ്ധതികൾ ആരംഭിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം. രാജ്യത്തെ ഇലക്ട്രോണിക്സ് മേഖലയ്ക്ക് ഇത് കരുത്തുപകരുമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ലഖ്നൗ മെട്രോ ഫേസ്-1ബി, അരുണാചൽ പ്രദേശിലെ താതോ-2 ജലവൈദ്യുത പദ്ധതി എന്നിവയ്ക്കും കേന്ദ്രമന്ത്രിസഭ അനുമതി നൽകി.

RNU TVPM

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി-കണ്ണൂർ ഉദ്ഘാടനം (ഇൻട്രോ)

സംസ്ഥാനത്ത് സോഷ്യൽ പോലീസിംഗ് സംവിധാനം കൂടുതൽ ശക്തമായി തുടരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സാമൂഹ്യ വിരുദ്ധ ശക്തികളെ തിരിച്ചറിയുന്നതിനും, ലഹരി മാഫിയയെ ഇല്ലാതാക്കുന്നതിനും, വർഗ്ഗീയ സംഘർഷങ്ങൾ തടയുന്നതിനും പോലീസും ജനങ്ങളും തമ്മിലുള്ള കൂട്ടായ്മ ഉപകാരപ്രദമാണെന്നും അദ്ദേഹം വ്യക്തമാക്കി. കേരള പോലീസിന്റെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം കണ്ണൂരിൽ നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി. നിയമ വിരുദ്ധ പ്രവർത്തനം നടത്തുന്നവർക്കെതിരെ നടപടി എടുക്കുന്നതിന് പോലീസ് ആരുടെയും അനുമതിക്ക് കാത്ത് നിൽക്കേണ്ടതില്ലെന്നും അദ്ദേഹം പറഞ്ഞു.
(വോയ്സ്)

&&&&&&&&&&&&&&&&&&

## ഡീലിമിറ്റേഷൻ കമ്മീഷൻ

സംസ്ഥാനത്തെ 14 ജില്ലാപഞ്ചായത്തുകളിലെ വാർഡ് പുനർ വിഭജനത്തിൻറെ അന്തിമ വിജ്ഞാപനത്തിന് ഡീലിമിറ്റേഷൻ കമ്മീഷൻറെ അംഗീകാരം. ഇതോടെ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് പുനർ നിർണയപ്രക്രിയ പൂർത്തിയായി. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ ചെയർമാനായ കമ്മീഷൻ മൂന്ന് ഘട്ടങ്ങളിലായാണ് വാർഡ് പുനർ വിഭജനപ്രക്രിയ പൂർത്തിയാക്കിയത്. തദ്ദേശസ്ഥാപനങ്ങളിലെ ആകെ വാർഡുകളുടെ എണ്ണം 21,900 ൽ നിന്നും 23612 ആയി വർദ്ധിച്ചു. കരട് ഡീലിമിറ്റേഷനുമായി ബന്ധപ്പെട്ട് 16,896 പരാതികളാണ് ലഭിച്ചത്. വാർഡ് വിഭജനത്തിൻറെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി തദ്ദേശവാർഡുകളുടെ ഡിജിറ്റൽ ഭൂപടവും തയ്യാറാക്കിയിട്ടുണ്ട്. വാർഡ് പുനർവിഭജനത്തിൻറെ അന്തിമവിജ്ഞാപനം www.compose.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

&&&&&&&&&&&&&&&&&&

## വി ശിവൻകുട്ടി-യൂണിഫോം

സ്കൂളുകളിലെ ആഘോഷ ദിനങ്ങളിൽ കുഞ്ഞുങ്ങൾക്ക് യൂണിഫോം നിർബന്ധമാക്കില്ലെന്ന് മന്ത്രി വി ശിവൻകുട്ടി. തൃശൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവ സ്വാഗത സംഘ രൂപീകരണ യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&&&

## കേര വെളിച്ചെണ്ണ

വെളിച്ചെണ്ണയുടെ വില ക്രമാതീതമായി ഉയരുന്നതിനെ നേരിടുന്നതിനുള്ള നടപടികളുടെ ഭാഗമായി സപ്ലൈകോ വിൽപ്പനശാലകളിൽനിന്നും നിന്നും ഉപഭോക്താക്കൾക്ക് വാങ്ങാവുന്ന കേര വെളിച്ചെണ്ണയുടെ അളവ് രണ്ടു ലിറ്ററായി ഉയർത്തി. നിലവിൽ ഇത് ഒരു ലിറ്ററായിരുന്നു. വെളിച്ചെണ്ണയുടെ ആവശ്യകത വർദ്ധിച്ചതിനെ തുടർന്നാണ് ഈ തീരുമാനം.

RNUTVPM

&&&&&&&&&&&&&&&&&&

## മൻ കി ബാത് - മത്സരം

മൻ കി ബാത് ആസ്പദമാക്കി മേരാ യുവ ഭാരത് സംഘടിപ്പിച്ച മത്സരത്തിൽ വിജയിച്ച 30 വിദ്യാർത്ഥികൾ സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കാനായി ന്യൂഡൽഹിയിലേക്ക് യാത്ര തിരിച്ചു. തിരുവനന്തപുരം റെയിൽവെ സ്റ്റേഷനിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ, മേരാ യുവ ഭാരത് സ്റ്റേറ്റ് ഡയറക്ടർ എം. അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു. ഹൈസ്കൂൾ, ഹയർ സെക്കൻഡറി, കോളേജ് വിദ്യാർത്ഥികളും മൂന്ന് അധ്യാപകരുമാണ് സംഘത്തിലുള്ളത്. രാജ്യതലസ്ഥാനത്തെ ചരിത്രപ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കാനും, രാഷ്ട്രപതി, ലോക്സഭ സ്പീക്കർ, വിവിധ കേന്ദ്രമന്ത്രിമാർ തുടങ്ങിയവരുമായി സംവദിക്കാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും.

&&&&&&&&&&&&&&&&&&

## ഹർ ഘർ തിരംഗ ക്യാമ്പയിൻ-സൈനിക സ്കൂൾ

ഹർ ഘർ തിരംഗ ക്യാമ്പയിന്റെ ഭാഗമായി കഴക്കൂട്ടം സൈനിക സ്കൂളിൽ വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിച്ചു. ദേശസ്നേഹം സന്ദേശമാക്കിക്കൊണ്ട് കുട്ടികൾ മനോഹരമായ ചിത്രങ്ങൾ ഒരുക്കി. സർക്കാർ പോർട്ടലിൽ നടത്തിയ തിരംഗ ക്വിസ് മത്സരങ്ങളിലും നിരവധി പേർ പങ്കെടുത്തു. തിരുവനന്തപുരം പാങ്ങോട് സൈനിക സ്കൂളിലും വൈവിധ്യമാർന്ന പരിപാടികൾ ഹർഘർ തിരംഗയുടെ ഭാഗമായി സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&

## വയനാട് (ഇൻട്രോ)

ഡൽഹിയിൽ നടക്കുന്ന 79ാാം സ്വാതന്ത്ര ദിനാഘോഷ പരേഡിൽ അതിഥികളായി പങ്കെടുക്കാൻ ക്ഷണം ലഭിച്ചതിന്റെ സന്തോഷത്തിലാണ് മൂന്ന് വയനാട് സ്വദേശികൾ. കേരളത്തിൽ നിന്നും യോഗയെ പ്രതിനിധീകരിച്ച് പ്രണവം യോഗസെൻ്ററിൽ നിന്നാണ് മൂവരും ഡൽഹിയിലെത്തുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.................**
**(വോയ്സ്)**

&&&&&&&&&&&&&&&&&&

## സ്വാതന്ത്ര്യദിന സംഗീത പ്രകടനം

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച്, ദക്ഷിണ നാവിക കമാൻഡ് നാളെ എറണാകുളത്തെ കേരള ഫൈൻ ആർട്സ് സൊസൈറ്റി ഹാളിലും, മറ്റന്നാൾ ഫോർട്ട് കൊച്ചിയിലെ ഇന്ത്യൻ നേവി മാരിടൈം മ്യൂസിയത്തിലും വൈകുന്നേരം 6 മണിക്ക് സ്വാതന്ത്ര്യദിന ബാൻഡ് സംഗീത പരിപാടി സംഘടിപ്പിക്കും. കണ്ണൂർ പയ്യന്നൂരിലെ ഷേണോയ് ടൗൺ സ്ക്വയറിലും മറ്റന്നാൾ നാവിക അക്കാദമിയുടെ ബാൻഡ് പ്രകടനം അരങ്ങേറും.

&&&&&&&&&&&&&&&&&&

## ഹജ്ജ് അപേക്ഷ

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിനുള്ള നറുക്കെടുപ്പ് മുംബൈയിലെ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ നാളെ നടക്കും. കേന്ദ്ര ഹജ്ജ് കമ്മിറ്റി പുറത്തിറക്കിയ മാർഗനിർദേശ പ്രകാരം 2026 വർഷത്തെ ഹജ്ജിന് ലഭിച്ച അപേക്ഷകളിൽ 65 വയസ്സിന് മുകളിലുള്ള വിഭാഗത്തിനാണ് ആദ്യ പരിഗണന. തുടർന്ന് 2025-ൽ അപേക്ഷിച്ച് അവസരം ലഭിക്കാത്തവരെ പരിഗണിക്കും.

&&&&&&&&&&&&&&&&&&

## മഴ കേരളം

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. സെൻസെക്സ് 368 പോയിൻ്റ് താഴ്ന്ന് 80,235 ലും, നിഫ്റ്റി 97 പോയിൻ്റ് നഷ്ടത്തിൽ 24,487 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. പവന് 640 രൂപ കുറഞ്ഞ് 74,360 രൂപയും ഗ്രാമിന് 9,295 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## കടമക്കുടി കാഴ്ചകൾ

ലോകത്തിൻ്റെ തന്നെ ശ്രദ്ധയാകർഷിക്കുന്ന ഇടങ്ങളിൽ ഒന്നായിമാറിയ കടമക്കുടിയിൽ ടൂറിസം വികസനത്തിന്റെ സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് മന്ത്രി പി. രാജീവ്. എറണാകുളം കടമക്കുടിയിലെ ടൂറിസത്തിന്റെ അനന്ത സാധ്യതകൾ പരിചയപ്പെടുത്തുന്നതിനായി ആരംഭിച്ച കടമക്കുടി കാഴ്ചകൾ എന്ന പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം . പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച ബോട്ട് യാത്ര ഫ്ലാഗ് ഓഫ് ചെയ്ത മന്ത്രി പരിപാടിയോടനുബന്ധിച്ച് ഒരുക്കിയ ചുണ്ടൻ വള്ളത്തിൻ്റെ പങ്കായം കൈമാറലും നിർവഹിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## ആർ സി സി – റോബോട്ടിക് സർജറി

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നിർധനരായ രോഗികൾക്ക് അത്യാധുനിക റോബോട്ടിക് സർജറി സൗജന്യമായി നൽകുമെന്ന് ആർ സി സി ഡയറക്ടർ ഡോ. രേഖ എ നായർ. സാമ്പത്തിക പ്രതിസന്ധിയുള്ള കുടുംബങ്ങളിലെ രോഗികൾക്ക് എൽഐസി ഇന്ത്യയുമായി ചേർന്നാണ് ഈ സൗകര്യം ഒരുക്കുന്നത്. 2025 – 26 വർഷത്തിൽ 100 രോഗികൾക്ക് സൗജന്യ ശസ്ത്രക്രിയ ലഭ്യമാക്കും. ഇതിനായി 1 കോടി 25 ലക്ഷം രൂപ എൽഐസിയുടെ ഫണ്ടിൽ നിന്നും ആർസിസിക്ക് കൈമാറുന്നതിനും ധാരണയായി.

&&&&&&&&&&&&&&&&&&